# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 366 **04.06.2018-ൽ മറുപടിയ്ക്ക്**

### പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജ്

| ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
|---|---|
| രജത ജൂബിലി ആഘോഷിക്കുന്ന കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയൂർവേദ കോളേജിൽ പുതുതായി ഏതൊക്കെ പി.ജി. കോഴ്സുകൾക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്; പ്രസ്തുത കോഴ്സുകൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ഉണ്ട്- രജതജൂബിലി ആഘോഷിക്കുന്ന കണ്ണൂർ സർക്കാർ ആയുർവേദകോളേജിൽ സർക്കാരിന്റെ 30-10-2017 ലെ ജി.ഒ(എം.എസ്)32/2017 ആയുഷ് നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെയും, കേരളാ ആരോഗ്യ സർവ്വകലാശാലയുടേയും അനുമതിക്ക് വിധേയമായി ശല്യതന്ത, ശാലാക്യതന്ത്ര, രസശാസ്ത്ര & ഭൈഷജ്യ കൽപന എന്നീ മൂന്ന് വിഷയങ്ങളിൽ 5 സീറ്റുകൾ വീതമുള്ള പി.ജി കോഴ്സുകൾ ആരംഭിക്കുന്നതിനും ക്രിയാശരീര, രോഗനിദാന എന്നീ വിഷയങ്ങളിൽ നിലവിലുള്ള പി.ജി കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം 5 ൽ നിന്നും 7 സീറ്റാക്കി വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് കേരള സർക്കാറിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രവും കേരളാ ആരോഗ്യ സർവ്വകലാശാലയിൽ നിന്ന് ശല്യതന്ത, ശാലാക്യതന്ത്ര, രസശാസ്ത്ര &ഭൈഷജ്യ കൽപന എന്നീ മൂന്ന് വിഷയങ്ങളിൽ 5 സീറ്റുകൾ വീതമുള്ള പി.ജി കോഴ്സ് തുടങ്ങുന്നതിനും രോഗനിദാന, ക്രിയാശരീര വിഷയങ്ങളിൽ വർദ്ധിപ്പിച്ച 2 സീറ്റുകൾക്കും കൺസന്റ് ഓഫ് അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് ജൂലൈ 01 മുതൽ ആഗസ്റ്റ് 31 വരെ |

| | |
|---|---|
| | യാണ് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടത്, പ്രസ്തുത കാലയളവിൽ അപേക്ഷ സമർപ്പിക്കുന്നതാണ്.അപേക്ഷയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ആയുഷ് മന്ത്രാലയം അനുമതി നൽകുന്ന മുറയ്ക്ക് പുതിയ പി.ജി കോഴ്സുകൾ ആരംഭിക്കുന്നതിനും വർദ്ധിപ്പിച്ച പി.ജി കോഴ്സുകളിലേക്ക് പ്രവേശനം നൽകുന്നതിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ